LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ചരക്ക് സേവന നികുതി 2016 ഏപ്രിൽ മാസം 1-ാം തീയതി മുതൽ നടപ്പിൽ വരുമെന്നാണ് കണക്കാക്കുന്നത്. പ്രസ്തുത ഭരണഘടനാ ഭേദഗതി ബിൽ ഇപ്പോൾ രാജ്യസഭയുടെ പരിഗണനയിലാണ്. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര തലത്തിൽ എല്ലാ സംസ്ഥാനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ ചർച്ച ചെയ്തു വരുന്നു. ഭരണഘടനാ ഭേദഗതി നടപ്പിൽ വരികയും അതിന്റെ അടിസ്ഥാനത്തിലുള്ള നിയമനിർമ്മാണവും വന്നതിനുശേഷംമാത്രമേ ചരക്ക് സേവന നികുതി സംബന്ധിച്ച് കൂടുതൽ വ്യക്തത ഉണ്ടാകുകയുള്ളൂ. കൂടാതെ ഇത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് IT Software-ൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടന്നുവരുന്നു. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അത് ആകുന്ന മുറയ്ക്ക് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതാണ്.

പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട്

115 (T* 4697) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് മുൻപ് തന്നെ ശമ്പള കമ്മീഷൻ ശിപാർശകൾ വാർത്താമാധ്യമങ്ങളിൽ പ്രചരിക്കാൻ ഇടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശമ്പള കമ്മീഷന്റെ ശിപാർശകൾ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുൻപ് വാർത്താമാധ്യമങ്ങൾക്ക് നൽകിയത് ഉചിതമായോയെന്ന് വ്യക്തമാക്കുമോ ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ട് ഏകദേശം പൂർത്തിയായെന്ന വാർത്ത മാധ്യമങ്ങളിൽ പ്രചരിക്കുന്ന സാഹചര്യത്തിൽ എത്രയും വേഗം റിപ്പോർട്ട് വാങ്ങി ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ - ഡി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് 13-7-2015-ാം തീയതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് മുമ്പ് കമ്മീഷൻ ശിപാർശകൾ വാർത്താമാധ്യമങ്ങൾക്ക് നൽകിയിട്ടില്ല

* 'T' മാറ്റിനിറുത്തി ചോദ്യത്തെ സൂചിപ്പിക്കുന്നു